**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **30-09-2025 - ൽ മറുപടിയ്ക്ക്**

**മദ്യപാനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അവബോധം നൽകാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്തും 2016-2021 കാലയളവിലും ഉണ്ടായിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച വിശദാംശം 2011-2016 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്ത് ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്തും മുൻപുള്ള രണ്ട് സർക്കാരുകളുടെ കാലത്തും ഉണ്ടായിട്ടുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | വിൽപന നടത്തിയ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അളവ<br><br>(കെയ്സുകൾ ലക്ഷത്തിൽ) |
|---|---|
| 2011-12 | 241.78 |
| 2012-13 | 244.33 |
| 2013-14 | 240.67 |
| 2014-15 | 220.58 |
| 2015-16 | 201.75 |
| 2016-17 | 205.41 |
| 2017-18 | 208.51 |
| 2018-19 | 216.34 |

| | |
|---|---|
| 2019-20 | 218.84 |
| 2020-21 | 187.5 |
| 2021-22 | 181.03 |
| 2022-23 | 224.34 |
| 2023-24 | 221.70 |
| 2024-25 | 228.60 |

| | | | |
|---|---|---|---|
| (സി) | മദ്യപാന ശീലം നിരുത്സാഹപ്പെടുത്തുന്നതിനും മദ്യപാനം മൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപരവും സാമൂഹികപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മദ്യത്തിനും മയക്കുമരുന്ന് ഉപയോഗത്തിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിൽ 2016 ഒക്ടോബറിൽ വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ) രൂപീകരിച്ചിരുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശ-സ്വയംഭരണം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം, പോലീസ്, കായികം, സാംസ്കാരികം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും ലഹരിക്കെതിരെ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നു.<br><br>വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ബോധവൽക്കരണം, കൗൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നിവയിലാണ്. ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളുടെ കടന്നു വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നാളിതുവരെ ലഹരി ഉപയോഗിച്ചിട്ടില്ലാത്തവർ യാതൊരു വിധത്തിലും ലഹരിയുടെ മാർഗ്ഗത്തിലേക്ക് പോകരുത് എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് വിമുക്തി മിഷൻ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. വിമുക്തി മിഷന്റെ കീഴിൽ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ലഹരി മുക്ത ചികിത്സ നൽകുന്നതിനായി വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ വീതം പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികളിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി പ്രചരണം കൂടുതൽ ശക്തമാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഉൾപ്പെടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ക്രിയാത്മകമായ രീതിയിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചാണ് നടത്തുന്നത്. പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മ ശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും, കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിച്ച് അതിലൂടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വിവിധങ്ങളായ പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. ചെറിയ പ്രായം മുതൽ തന്നെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 140 സ്കൂളുകളിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ, അവരുടെ കായികപരമായും കലാപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും ഉണർവ്വ് എന്ന പദ്ധതി നടപ്പിലാക്കുന്നു. വിദ്യാലയങ്ങളിൽ കളിയിടങ്ങൾ ഒരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നിവ ലക്ഷ്യമിടുന്ന ടി പദ്ധതി 29 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തി പരിഹരിക്കുന്നതിന് ഒരു Standard |

| | | | |
|---|---|---|---|
| | | | Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരുന്നു.<br><br>ലഹരി വിരുദ്ധ പോരാട്ടത്തിന് എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും വിവിധ യുവജന-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സന്നദ്ധ സംഘടനകൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ നീണ്ട് നിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ